©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LIV
വാല്യം 54

THIRUVANANTHAPURAM, TUESDAY
തിരുവനന്തപുരം, ചൊവ്വ

3rd November 2009
2009 നവംബർ 3

12th Karthika 1931
1931 കാർത്തികം 12

No. 43
നമ്പർ 43

## PART III
## Stores Purchase
### Forest Department

ദർഘാസ് പരസ്യം

[16/2009-10]

നമ്പർ ആർ. 10440/2009.                                        2009 ഒക്ടോബർ 14.

കണ്ണൂർ ഡിവിഷന്റെ കീഴിലുള്ള വിവിധ റെയിഞ്ചുകളിലെ 2009-10 കാലയളവിൽ നഴ്സറി നിർമ്മാണത്തിനും തേക്ക് തോട്ടങ്ങളിലേക്കും ആവശ്യമായ 205 ടൺ ഉണങ്ങിയ ചാണകം താഴെ വിവരിക്കുന്ന സ്ഥലങ്ങളിൽ 2009-10 കാലയളവിൽ വിതരണം ചെയ്യുന്നതിനായി മൽസരാടിസ്ഥാനത്തിലുള്ള ടെണ്ടർ ഉൽപ്പാദകരിൽ നിന്നോ അംഗീകൃത ഡീലർമാരിൽനിന്നോ ക്ഷണിച്ചുകൊള്ളുന്നു.

ഉദ്ദേശ വില—രൂപ 1,60,000.

നിരതദ്രവ്യം 1%—രൂപ 1,600.

ദർഘാസ് ഫോറത്തിന്റെ വില—രൂപ 150 + വി.നി.

വിതരണം ചെയ്യേണ്ട സ്ഥലം—കണ്ണൂർ ഡിവിഷന്റെ കീഴിലുള്ള കാസറഗോഡ്, കാഞ്ഞങ്ങാട്, കണ്ണവം കൊട്ടിയൂർ റെയിഞ്ചാഫീസുകളിൽ.

നിശ്ചിത തുകയടച്ച് പ്രവൃത്തി ദിവസങ്ങളിൽ കണ്ണൂർ കണ്ണോത്തുംചാലിൽ പ്രവർത്തിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽനിന്നും ടെണ്ടർ ഫോറം ലഭിക്കുന്നതാണ്. ടെണ്ടർ ഫോറം 11-11-2009-ാം തീയതി 1 മണിവരെ ലഭിക്കുന്നതും സീൽ ചെയ്ത ടെണ്ടറുകൾ 11-11-2009-ാം തീയതി 3 മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകുന്നേരം 3.30 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും. താഴെ കാണിച്ച തുകയ്ക്കുള്ള നിരതദ്രവ്യം ഏതെങ്കിലും ദേശസാൽകൃത ബാങ്കുകളിൽനിന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ടെണ്ടറിനോടുകൂടെ സമർപ്പിക്കേണ്ടതാണ്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള 1 കി. ഗ്രാം ഉണക്ക ചാണകത്തിന്റെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്. സീൽ ചെയ്യാത്തതും വൈകി ലഭിക്കുന്നതുമായ ടെണ്ടറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ടെണ്ടർ നേടുന്ന വ്യക്തി 50 രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമ ഉടമ്പടി വയ്ക്കേണ്ടതും നിയമാനുസൃതം സെക്യൂരിറ്റി തുക കെട്ടിവെയ്ക്കേണ്ടതും സപ്ലൈ ഓർഡർ ലഭിക്കുന്നതിനനുസരിച്ച് സാധനങ്ങൾ ടെണ്ടറിൽ കാണിച്ച സ്ഥലങ്ങളിൽ വിതരണം ചെയ്യാൻ ബാദ്ധ്യസ്ഥനുമായിരിക്കും. യഥാസമയം വിതരണം ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം സ്റ്റോർ പർച്ചേസ് മാനുവലിൽ അനുശാസിക്കും വിധത്തിലുള്ള പിഴ ഈടാക്കുന്നതായിരിക്കും. വനംവകുപ്പിൽ നിലവിലുള്ള ടെണ്ടർ/ക്വട്ടേഷൻ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

മേൽപ്പറഞ്ഞ ടെണ്ടറിൽ കാണിച്ച സാധനത്തിന്റെ അളവ് ഉദ്ദേശം മാത്രമാണ്. ഏതെങ്കിലും കാരണവശാൽ ടെണ്ടർ അന്നേ ദിവസം നടക്കാതെ വന്നാൽ ടി ടെണ്ടർ 18-11-2009-ാം തീയതി മേൽ കാണിച്ച സ്ഥലത്തും സമയത്തും നടത്തുന്നതായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ആഫീസ്,
കണ്ണൂർ ഡിവിഷൻ,
കണ്ണൂർ-12.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).